**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 289** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>വെള്ളാനിക്കര സാമൂഹികാരോഗ്യ കേന്ദ്രം</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. കെ. രാജൻ | ശ്രീ. കെ. എം. ഷാജി<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |

**(എ)** ഒല്ലൂർ നിയോജക മണ്ഡലത്തിലെ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വെള്ളാനിക്കര സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി കേരള കാർഷിക സർവ്വകലാശാലയുടെ 33 സെന്റ് സ്ഥലം 30 വർഷത്തേക്ക് ലീസിന് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിലുള്ള ഫയൽ നം. RE2-415/2025 -ലെ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>**

| |
|---|
| വെള്ളാനിക്കര സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി കാർഷിക സർവ്വകലാശാലയുടെ സ്ഥലം ലീസിന് എടുക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കണമെന്നുള്ള ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ ലഭ്യമായിട്ടുള്ളതും, RE2/415/2025-LSGD നമ്പർ ഫയലിൽ നടപടി സ്വീകരിക്കുകയും പ്രസ്തുത വിഷയത്തിൽ കൃഷി വകുപ്പിന്റെ അഭിപ്രായം തേടിയതിൽ പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം 08/10/2026 ൽ ലഭ്യമാക്കിയിട്ടുള്ളതാണ്.<br><br>" കാർഷിക സർവ്വകലാശാല ഭരണസമിതി യോഗ തീരുമാനത്തിന്റെയും സർവകലാശാലയ്ക്ക് ലഭിച്ച നിയമോപദേശത്തിന്റെയും അടിസ്ഥാനത്തിൽ, അംഗീകരിച്ച ലീസ് കരാറിലെ 4(g) വ്യവസ്ഥ പൊതുതാൽപ്പര്യത്തിന് വിരുദ്ധമാണെന്ന ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ നിലപാട് നിലനിൽക്കുന്നതല്ലെന്നും ലീസ് കാലാവധി പുതുക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥ 6(a) കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ളതും, പ്രസ്തുത വ്യവസ്ഥ പാലിക്കാത്ത സാഹചര്യത്തിൽ മാത്രമാണ് 6(b) വ്യവസ്ഥയ്ക്ക് പ്രസക്തിയുള്ളതെന്നും കാർഷിക സർവ്വകലാശാല രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.പ്രസ്തുത വ്യവസ്ഥകൾ ഒഴിവാക്കുന്നത് സാധ്യമല്ലായെന്നും ആയവ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് അംഗീകരിക്കുന്ന പക്ഷം സർവ്വകലാശാലയുടെ 33 സെന്റ് സ്ഥലം ലീസിന് നൽകുന്നതിനുള്ള തുടർനടപടികൾ സർവ്വകലാശാല സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുള്ളതാണ്."<br><br>കൃഷി വകുപ്പിന്റെ അഭിപ്രായത്തിന്മേൽ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ അഭിപ്രായം ലഭ്യമാവുന്ന മുറക്ക് RE2/415/2025-LSGD നമ്പർ ഫയലിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| |

**(ബി)** പ്രസ്തുത സ്ഥലം 30 വർഷത്തേക്ക് ലീസിന് എടുക്കുന്നതിന് സർക്കാർ അനുമതി ആവശ്യമായ സാഹചര്യത്തിൽ, അതിന് നിർദ്ദേശം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഫയൽ നമ്പർ, നിലവിലെ പരിഗണനാ ഘട്ടം, അനുമതി നൽകുന്നതിന് അവശേഷിക്കുന്ന നടപടികൾ എന്നിവ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** വെള്ളാനിക്കര സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് പ്രസ്തുത സ്ഥലം ലഭ്യമാക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് അനുമതി നൽകുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**